# ദൈവത്തിന്റെ പുതിയ ഭരണകൂടം

മൂന്നു വ്യത്യസ്ത കാലങ്ങളിൽ - പിതാക്കന്മാരുടേയും, യെഹൂദന്മാരുടേയും, ക്രിസ്തുവിന്റെയും കാലഘട്ടങ്ങളിൽ ദൈവം മനുഷ്യവർഗ്ഗത്തെ ഭരിച്ചിരുന്നതു ബൈബിൾ വിദ്യാർത്ഥികൾ നോക്കുന്നുണ്ട്. മൂന്നു വേറിട്ട "കാലങ്ങളിലെ" അവന്റെ ഹിതവും കൃപയും നടപ്പിലാക്കിയ മൂന്നു കാലങ്ങളിലെ ചരിത്രമാണ് ആ പരിചിത നാമങ്ങൾ സൂചിപ്പിക്കുന്നത്.

*കുടുംബങ്ങളും* ആയി ദൈവം പ്രവർത്തിച്ച രീതിയുടെ കാലത്തെയാണ് "പിതാക്കന്മാരുടേത്" എന്നു പറഞ്ഞിരിക്കുന്നത്. ദൈവം ആശയ വിനിമയം നടത്തിയതു *പിതാവു* മുഖാന്തരമായിരുന്നു; അതുകൊണ്ട്, ഈ കാലത്തിൽ ഉൾപ്പെട്ടിരുന്നത് പിതാവു - പുരോഹിതൻ എന്ന ആശയം ആയിരുന്നു. നേതൃത്വവും ഭരണവും അസംഖ്യമായിത്തീർന്ന ബന്ധങ്ങളിലേക്കു വ്യാപിപ്പിക്കുകയും, പിതാവിന്റെ സ്ഥാനം ആദ്യ - ജാതനിലേക്കു കൈമാറുകയും ചെയ്തു.

അടുത്തത് "യെഹൂദന്മാരുടെ," അല്ലെങ്കിൽ "മോശെയുടെ," കാലം എന്നു നാമകരണം ചെയ്യപ്പെട്ടു. ഇതു മോശെ മുഖാന്തരം സിനായ്മലയിൽ വെച്ചു കൊടുത്ത പ്രത്യേക നിയമത്തിൽ ഒരു *ദേശത്തോട്* ദൈവത്തിനുണ്ടായിരുന്ന പ്രത്യേക ബന്ധത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (പുറപ്പാട് 20; യോഹന്നാൻ 1:17). ഈ ക്രോഡീകരിച്ച നിയമ വ്യവസ്ഥയിൽ *പുരോഹിതവർഗ്ഗമായി,* ലേവ്യാവംശവും; മോശെയുടെ സഹോദരനായിരുന്ന, അഹരോൻ, ആദ്യ മഹാ പുരോഹിതനും ആയിരുന്നു (പുറപ്പാട് 28; 29). ആ നിയമം ആത്മികവും ഭൗതികവും ആയിരുന്നതുകൊണ്ട് അതു അസാധാരണമായിരുന്നു. അതിൽ യിസ്രായേൽ ദൈവത്തെ ആരാധിക്കുന്നതും സേവിക്കുന്നതും മാത്രമായിരുന്നില്ല, എന്നാൽ ഈ ദേശത്തിന്റെ ഭൗതിക നിയമവും ഉൾപ്പെട്ടിരുന്നു. അതുകൊണ്ട്, അതിൽ കുറ്റകൃത്യം, ശിക്ഷ, സാമ്പത്തിക കാര്യങ്ങൾ, ആരോഗ്യം ശുചിത്വം എന്നിവയും നിയന്ത്രിക്കപ്പെട്ടിരുന്നു.

മോശെയുടെ ന്യായപ്രമാണം യിസ്രായേൽ ദേശത്തിനു മാത്രമായി നല്കിയതായിരുന്നു (പുറപ്പാട് 34:27, 28). അതു ഭൂമിയിലെ ഭൂരിഭാഗം പേരെയും ബാധിച്ചിരുന്നില്ല, അവരെ മൊത്തത്തിൽ വിളിച്ചിരുന്നതു ജാതികൾ എന്നായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിനിടയിൽ യെഹൂദന്മാർക്കു മോശെയുടെ ന്യായപ്രമാണം കൊടുത്തു പ്രാബല്യത്തിൽ വരുത്തിയപ്പോൾ ജാതികൾക്ക് ഏതെങ്കിലും നിയമം കൊടുത്തതായി

ബൈബിൾ പറയുന്നില്ല, എന്നാൽ ദൈവത്തിനു മറ്റു ദേശങ്ങളെക്കുറിച്ചും കരുതലുണ്ടായിരുന്നു എന്നു വ്യക്തം.[1]

ജാതികളുമായി യെഹൂദകാലഘട്ടത്തിൽ ദൈവത്തിനുണ്ടായിരുന്ന ബന്ധം പഴയനിയമചരിത്രത്തിൽ ഉടനീളം ദൃശ്യമാണ്. അതുകൊണ്ട്, ചില പണ്ഡിതന്മാർ വിചാരിക്കുന്നത് ജാതികളിൽ പിതാക്കന്മാരുടെ കാലം ക്രിസ്തുവിന്റെ ക്രൂശ് വരെ തുടർന്നിരുന്നു എന്നാണ്.

മൂന്നാമത്തെ കാലത്തിലെ പേരാണ് "ക്രിസ്ത്യാനി." യേശു ക്രൂശിൽ മരിച്ചതോടെ, സർവ്വലോകത്തിനുമായി ഒരു പുതിയനിയമം കൊണ്ടുവന്നു. ക്രിസ്ത്യാനികൾ "പാപത്തിന്റേയും മരണത്തിന്റെയും" പ്രമാണത്തിൽ നിന്നു സ്വതന്ത്രരായി എന്ന് പൗലൊസ് അവകാശപ്പെട്ടതിന്റെ കാരണം അവർ "ക്രിസ്തുയേശുവിൽ ജീവന്റേയും ആത്മാവിന്റേയും പ്രമാണത്തിലായി" എന്നതാണ് (റോമർ 8:2). "ക്രിസ്തുവിന്റെ പ്രമാണത്തിൻ" കീഴിൽ എന്നും അവൻ പറയുന്നുണ്ട് (1 കൊരിന്ത്യർ 9:21). "ക്രിസ്തുവിന്റെ പ്രമാണം നിവർത്തിച്ചു [കൊണ്ട്]" എന്നും പറയുന്നു (ഗലാത്യർ 6:2). "രാജകീയ പ്രമാണം" എന്നും "സ്വതന്ത്രത്തിന്റെ, തികഞ്ഞ ന്യായപ്രമാണം" എന്നും യാക്കൊബ് എഴുതിയിരിക്കുന്നു (യാക്കൊബ് 1:25; 2:8). ഈ പുതിയ നിയമം എല്ലാവരേയും ബാധിക്കുന്നതാണ്, ഏതു ദേശക്കാർ ക്കും അല്ലെങ്കിൽ വർഗ്ഗക്കാർക്കും ഉള്ളതാണ്. ഈ പുതിയ വ്യവസ്ഥ യിൽ, ദൈവം ഇടപെടുന്നതു കുടുംബമായിട്ടോ, ദേശമായിട്ടോ അല്ല *വ്യക്തികളായിട്ടാണ്.*

ആദ്യം വീണ്ടും ജനിച്ചു ക്രിസ്തുവിന്റെ രാജ്യത്തിലേക്കു പ്രവേശിക്കുകയും അവന്റെ പുതിയ നിയമത്തിനു വിധേയപ്പെടുകയും ചെയ്ത ഞെട്ടിക്കുന്ന വിവരങ്ങളാണ് പ്രവൃത്തികൾ പുറത്തു കൊണ്ടു വരുന്നത്. ആദ്യം, മോശെയുടെ ന്യായപ്രമാണം പരിചയമുണ്ടായിരുന്ന, യെഹൂദന്മാർക്കിടയിൽ അപ്പൊസ്തലൻ ഉപദേശിച്ചു. പിന്നെ, അപ്പൊസ്തലന്മാർ ജാതികളിൽ ആദ്യമായി, കൊർന്നെല്യോസിനോടു പ്രസംഗിച്ചു (പ്രവൃത്തികൾ 10).

വ്യക്തികൾ യേശുവിനോടു പ്രതികരിച്ചപ്പോൾ, അവർ ദൈവത്തോടു യേശു പണിത സഭയിൽ അവർക്ക് ഒരു ബന്ധമുണ്ടായി (മത്തായി 16:18). പെട്ടെന്നു ഇടവകകൾ ലോകം മുഴുവനും ചിതറിപോയി.[2] ദൈവം ഇപ്പോൾ തന്റെ മക്കളുമായി എങ്ങനെ ഇടപെടുന്നു എന്ന് പ്രവൃത്തികൾ ഒരു ഉൾക്കാഴ്ച നല്കുന്നുണ്ട്, അതു വ്യക്തികളായും ഇടവകകളായും കർത്താവിന്റെ സഭയായിട്ടാണ്.

### ഇടവകകൾ മറ്റു ഇടവകകളോടു കൂട്ടായ്മ പുലർത്തി

യെരുശലേമിലെ ആദ്യ ഇടവക (പ്രവൃത്തികൾ 2:41–47) മറ്റു പട്ടണങ്ങളിലെ ദൈവത്തെ ആരാധിക്കുന്നവരെ തിരിച്ചറിഞ്ഞിരുന്നു. അവർ അന്ത്യൊകൃയിലെ ക്രിസ്ത്യാനികൾക്കു പത്രൊസും യോഹന്നാനും മുഖാന്തരം സഹായം അയച്ചുകൊടുത്തു (പ്രവൃത്തി കൾ 8:14). പിന്നീട്, ഈ ഇടവക ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്ത, തർസൊസുകാരനായ ശൗലിനെ സ്വീകരിച്ചു (പ്രവൃത്തികൾ 9:26–28).

കൈസര്യയിലെ ജാതികൾ പരിവർത്തനം ചെയ്തതു യെരുശലേം സഭ സ്വീകരിക്കയുണ്ടായി (പ്രവൃത്തികൾ 11:18), അന്നു യെഹൂദന്മാരും ജാതികളും തമ്മിൽ വേർപിരിഞ്ഞിരുന്ന വലിയൊരു മതിൽ ഇടിക്കുന്നതായിരുന്നു അത്. ഇതേ സഭയാണ് ജാതികളിൽ നിന്നുള്ളവരെ പരിഛേദനം കഴിക്കുന്നതിനെ സംബന്ധിച്ച് വിവാദം ഉണ്ടായപ്പോൾ പരിഹരിക്കുവാൻ, ആദ്യമായി ഒരു "ദൈവശ്വാസിയ പുതിയനിയമ എഴുത്ത്" അയച്ചുകൊടുക്കുന്നത് (പ്രവൃത്തികൾ 15:22-31). ആ തീരുമാനം വ്യക്തമായും, പരിശുദ്ധാത്മ സഹായത്താൽ ദൈവശ്വാസിയമായിരുന്നു, അല്ലാതെ അപ്പൊസ്തലന്മാർ വോട്ടിട്ടു തീരുമാനിച്ചതായിരുന്നില്ല (പ്രവൃത്തികൾ 15:28).

യെരുശലേമിലും, യെഹൂദ്യയിലും ഒരു ക്ഷാമം നേരിട്ടപ്പോൾ അന്ത്യോക്ക്യയിലെ ക്രിസ്ത്യാനികൾ ആ സമയത്തു യെരുശലേമിലേക്കു സഹായം എത്തിച്ചുകൊടുത്തു (പ്രവൃത്തികൾ 11:27-30). മദ്ധ്യധരണ്യാഴി കടലിനപ്പുറത്തേക്കു സുവിശേഷം പ്രസംഗിക്കുവാൻ അന്ത്യൊാക്ക്യ സഭ മിഷണറിമാരെ അയച്ചു (പ്രവൃത്തികൾ 13:1-3), ഈ പുരുഷന്മാർ മൂന്നുവർഷങ്ങൾക്കുശേഷം അവരുടെ പ്രവർത്തന റിപ്പോർട്ട് കൊടുത്തപ്പോൾ അവർ അതു സ്വീകരിച്ചിരുന്നു (പ്രവൃത്തികൾ 14:26, 27).

പിന്നീട് ഒരു സമയത്ത് ധർമ്മോപകാരം ആവശ്യമായി വന്നപ്പോൾ സഹകരണവും കൂട്ടായ്മയും പുലർത്തിയ മറ്റൊരു സംഭവം കാണാം. യെഹൂദ്യയിൽ ക്ഷാമം നേരിട്ടപ്പോൾ ഗലാത്യ, മക്കെദൊന്യ, അഖായ എന്നിവിടങ്ങളിലെ സഭകൾ ആശ്വാസ സഹായം അയച്ചുകൊടുത്തു. ഈ ദാനം എത്തിച്ചുകൊടുക്കുവാൻ പൗലൊസ് സഹായിച്ചിട്ടുണ്ട് (പ്രവൃത്തികൾ 24:17; 1 കൊരിന്ത്യർ 16:1, 2; 2 കൊരിന്ത്യർ 8:1; 9:1, 2).

ലോകത്തിൽ അറിയപ്പെട്ട എല്ലാ ഇടവകകളും അന്യോന്യം സഹക്രിസ്ത്യാനികളായി തിരിച്ചറിയുകയും, പരസ്പരം പിന്തുണയും സഹായവും, കൂട്ടായ്മയും ആചരിച്ച്, വിവിധപ്രദേശങ്ങളിലെ ഇതേ കൂട്ടങ്ങളെ കർത്താവിന്റെ സഭയായി പരിഗണിക്കയും ചെയ്തു. ഓരോ പ്രാദേശിക സഭയും സാർവ്വദേശീയ സഭയുടെ ഹ്രസ്വരൂപമാണ്.

## ഇടവകകൾ പ്രത്യേക പുരുഷന്മാരാൽ നയിക്കപ്പെട്ടു

യെരുശലേമിലെ ആദ്യ ഇടവകയിൽ ആദ്യം, അപ്പൊസ്തലന്മാരായിരുന്നു നായകന്മാർ. ഉപദേശത്തിൽ മാത്രമല്ല, ധർമ്മശേഖര വിതരണവും അവർ നയിച്ചിരുന്നു. ധർമ്മോപകാരം ആവശ്യമായി വന്നപ്പോൾ, ക്രിസ്ത്യാനികൾ അവരുടെ ദാനങ്ങൾ "അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവെച്ചു" (പ്രവൃത്തികൾ 4:37). ഇന്നു, അത്തരം ഏർപ്പാട് ചർച്ച് ട്രഷറി മുഖേനയോ അല്ലെങ്കിൽ ബാങ്ക് എക്കൗണ്ട് മുഖേനയോ ആണ് നടത്തുന്നത്. പണം നല്കുന്നതു കൂട്ടായ ഏർപ്പാടും, അവ വിതരണം ചെയ്തിരുന്നതു നായകന്മാരായ അപ്പൊസ്തലന്മാരുടെ, തീരുമാനങ്ങളാലും ആയിരുന്നു. അപ്പൊസ്തല ന്മാർ അത്തരം വിതരണ പ്രവൃത്തികളിൽ നിന്നു വിട്ടുനില്ക്കേണ്ട അവസരം വന്നപ്പോൾ, അവരെ സഹായിക്കുവാൻ - പ്രത്യേക ദാസന്മാരെ പിന്നീട് തിരഞ്ഞെടുത്തു

അവരെ ശുശ്രൂഷകന്മാർ എന്നു വിളിച്ചിരിക്കുന്നു – (പ്രവൃത്തികൾ 6:1–6). അപ്പൊസ്തലന്മാരുടെ വ്യക്തിപരമായ നായകത്വം സ്ഥിരമായ കാരണം, ദൈവം രൂപപ്പെടു ത്തിയ സ്ഥിരമായ നേതൃത്വം വന്നാൽ പിന്നെ അപ്പൊസ്തലന്മാരുടെ നേതൃത്വം ആവശ്യമില്ലായിരുന്നു.

കുറച്ചു വർഷങ്ങൾക്കുള്ളിൽ, യെഹൂദ്യയിൽ ക്ഷാമം നേരിട്ടപ്പോൾ, അന്ത്യോക്യയിലെ സഹോദരന്മാർ യെരുശലേമിലേക്കു സഹായം അയച്ചുകൊടുത്തു. ആ ആശ്വാസം അയച്ചതു "മൂപ്പന്മാർക്കായിരുന്നു" (പ്രവൃത്തികൾ 11:30). പൗലൊസിന്റെ ഒന്നാം മിഷണറിയാത്ര അവസാനിപ്പിക്കുന്നതു യോഗ്യതയുള്ള മൂപ്പന്മാരെ നിയമിച്ചു കൊണ്ടായിരുന്നു. പൗലൊസും ബർന്നബാസും യുവജടവകകളിൽ പ്രവർത്തിക്കുന്നതിനു, നായകന്മാരെ തിരഞ്ഞെടുത്തു അവരെ "മൂപ്പന്മാർ" എന്നു വിളിച്ചിരുന്നു (പ്രവൃത്തികൾ 14:23).

ഒന്നാം മിഷണറിയാത്ര അവസാനിപ്പിച്ചശേഷം യെരുശലേമിൽ, പരിച്ഛേദനയെ കുറിച്ചു ചർച്ച ചെയ്യുവാൻ ഒരു പ്രത്യേക യോഗം കൂടിയപ്പോൾ, അപ്പൊസ്തലന്മാരോടൊപ്പം വേറെ ചില നായകന്മാരുടെ സ്ഥാനത്തുണ്ടായിരുന്നു; അവരെ "മൂപ്പന്മാർ" എന്നു വിളിച്ചിരുന്നു (പ്രവൃത്തികൾ 15:2, 4, 6, 22). മിലേത്തൊസിൽ, എഫെസൊസിലെ സഹോദരന്മാരാൽ മൃദുവായ കണ്ണുനീർ വീഴ്ത്തിയ വിട ചൊല്ലൽ നടന്നു. ആ പുരുഷന്മാരെ ലൂക്കൊസ് "മൂപ്പന്മാർ" എന്നെഴുതിയിരിക്കുന്നു (പ്രവൃത്തികൾ 20:17; കൂടാതെ 20:28). മൂന്നാം മിഷണറിയാത്ര അവസാനിപ്പിച്ചപ്പോൾ, യെരുശലേം സഭയിലെ മൂപ്പന്മാർ പൗലൊസിനോടു നാലു പുരുഷന്മാരുടെ നേർച്ചയിൽ സഹായിക്കുന്നതിനു പൗലൊസിനോടു പ്രത്യേകമായി ആവശ്യപ്പെട്ടു (പ്രവൃത്തികൾ 21:18–25).

ഈ എല്ലാ സംഭവങ്ങളിലും മൂപ്പന്മാർ എന്നു പറയുമ്പോൾ, കർത്താവിന്റെ സഭയിലെ പ്രാദേശിക ഇടവകകളിലെ മൂപ്പന്മാരെയാണ് ലൂക്കൊസ് ആ സന്ദർഭങ്ങളിൽ വിവരിക്കുന്നത്. ഇവരെ "മൂപ്പന്മാർ" എന്നു പറഞ്ഞിരിക്കുന്നതു, കർത്താവിന്റെ സഭയിൽ അവൻ രൂപപ്പെടുത്തിയ സ്ഥിര സംവിധാനമാണ്.

**അവരുടെ നാമനിർദ്ദേശങ്ങൾ**

ഈ നായകന്മാരെ പുതിയ നിയമത്തിൽ മൂന്നു പേരുകളാൽ അറിയപ്പെടുന്നു: ''മൂപ്പന്മാർ,'' ''അദ്ധ്യക്ഷന്മാർ,'' ''ഇടയന്മാർ.'' മിലേത്തൊസിലെ പ്രസംഗത്തിൽ പൗലൊസ് ഇവരെ "മേൽനോട്ടം വഹിക്കുന്നവർ" ("അദ്ധ്യക്ഷന്മാർ"; കെജെവി), എന്നാൽ പൗലൊസ് "മൂപ്പന്മാരെ" വിളിച്ചു എന്നാണ് ലൂക്കൊസ് എഴുതിയത് (പ്രവൃത്തികൾ 20:17, 28). പൗലൊസ് തിത്തൊസിനെ ക്രേത്തയിൽ വിട്ടിട്ടുപോയപ്പോൾ, മൂപ്പന്മാരെ നിയമിക്കുവാൻ പറഞ്ഞിരുന്നു; എന്നാൽ ഈ നായകന്മാർക്കു ആത്മിയ യോഗ്യതകൾ നല്കുമ്പോൾ, അവൻ അവരെ "അദ്ധ്യക്ഷന്മാർ" എന്നും വിളിച്ചിരുന്നു (തിത്തൊസ് 1:5, 7; കെജെവി).[3] മറ്റു മൂപ്പന്മാരെ അവരുടെ പ്രവർത്തികൾ പ്രബോധിപ്പിച്ചുകൊണ്ട് പത്രൊസ് ഒരു "മൂപ്പൻ" ആണെന്നു പരിചയപ്പെടുത്തുന്നുണ്ട്, എങ്കിലും അവ രോടു

അവരുടെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ “മേയ്ക്കുക” അല്ലെങ്കിൽ നടത്തുക എന്നാണ് അവൻ പറഞ്ഞത് (1 പത്രൊസ് 5:1, 2). തീർച്ചയായും, ഈ മൂന്നു വാക്കുകളും ഒരേ പ്രവൃത്തിയെയാണ് സൂചിപ്പിച്ചിരിക്കുന്നത്, ഒരേ ഉദ്യോഗം, ഒരേ ആളുകളെയാണ് പറയു ന്നത്. അവരെ എല്ലാവരേയും മൂന്നു പേരുകളാൽ വിടിവുച്ചിരിക്കുന്നു.

പുതിയ നിയമത്തിൽ വിവിധ രൂപത്തിൽ എഴുപത്തി - നാലു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു “മൂപ്പൻ” എന്ന വാക്ക്, തർജ്ജിമ ചെയ്തിരിക്കുന്നത് *പ്രെസ്ബുറ്റെറോസ്*, എന്ന ഗ്രീക്കുവാക്കാണ്. പത്തൊൻപതു പ്രാവശ്യം പ്രവൃത്തികളുടെ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുസ്തകത്തിൽ രണ്ടു സന്ദർഭങ്ങളിൽ പ്രായമായ അഥവാ വൃദ്ധരായ ആളുകളെ സൂചിപ്പി ക്കുന്നതിനു ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ യെഹൂദ സമൂഹത്തിലെ പ്രമാണിമാരെ ഉദ്ദേശിച്ചു ഏഴു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എങ്ങനെയാ യാലും, പ്രവൃത്തികളിൽ ഈ വാക്കിന്റെ പ്രചാരത്തിലുള്ള ഉപയോഗം, കർത്താവിന്റെ സഭകളിലെ നേതാക്കന്മാരെ സൂചിപ്പിക്കുന്നതാണ്: ഈ രീതിയിൽ പത്തു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. “മൂപ്പന്മാർ” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിൽ പ്രായവും അനുഭവവും എല്ലാ അടങ്ങുന്നതാണ്, എന്നാൽ ചില സന്ദർഭങ്ങളിൽ നിയമിക്കപ്പെട്ട കർത്താവിന്റെ സഭയിലെ ഇടവകയെ നയിക്കുവാൻ പ്രത്യേക പുരുഷന്മാരെ ആക്കുന്നതിനെയാണ് പറയുന്നത്. അവർ അവരുടെ പ്രായം, അനുഭവം, ആത്മിയ പക്വത എന്നിവ കൊണ്ട് സഭകളിലെ നേതാക്കന്മാരായവരാണ്.

“അദ്ധ്യക്ഷന്മാർ” അല്ലെങ്കിൽ “മേൽനോട്ടം വഹിക്കുന്നവർ” എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത് (*എപ്പിസ്ക്കോപോസ്*) എന്ന രണ്ടു വാക്കുകൾ ചേർന്ന സംയുക്ത വാക്കിൽ നിന്നാണ് അക്ഷരിക അർത്ഥം ‘‘ടു സ്ക്കോപ്പ് ഓവർ,’’ ‘‘ടു സീ ഓവർ’’ എന്നാണ്. നേതൃത്വ സാഹചര്യങ്ങളിൽ, വേലക്കാരെയും വേലയെയും നോക്കുന്നതിനെ യാണ് സൂചിപ്പിക്കുന്നത്. ഈ വാക്ക് പുതിയനിയമത്തിൽ പതിനൊന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്; പ്രാദേശിക സഭകളിലെ ഒരേ ആത്മിയ നേതാക്കളെ സൂചിപ്പിച്ച് ഏഴു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഒരിക്കൽ അതു അപ്പൊസ്തലന്റെ പ്രവൃത്തിയെ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 1:20). അതു രണ്ടു പ്രാവശ്യം “വിസിറ്റേഷൻ” എന്നു തർജ്ജിമ ചെയ്തിട്ടുണ്ട് (ലൂക്കൊസ് 19:44; 1 പത്രൊസ് 2:12). ഒരു പ്രാവശ്യം കെജെവിയിൽ “ചുറുചുറുക്കോടെ നോക്കൽ” എന്നു തർജ്ജിമ ചെയ്തിട്ടുണ്ട് (എബ്രായർ 12:15). പ്രാദേശിക സഭയിലെ ആളുകളുടെ പ്രവർത്തികളെ മേൽനോട്ടം വഹിക്കുന്നതിനെയാണ്, സഭ യിലെ നേതാക്കന്മാരായവരെ സൂചിപ്പിക്കുന്നത്.

ആടുകളെ നോക്കുന്നതിനെ ആലങ്കാരികമായി ഉപയോഗിച്ചു പറയുന്നതാണ് “ഇടയൻ” അല്ലെങ്കിൽ “മേയ്ക്കുന്നവൻ” (*പോയിമെൻ*) എന്നത്. ഇത് പുതിയനിയമത്തിൽ മുപ്പത്തി - ഒൻപതു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, ചുരുങ്ങിയത് പതിമൂന്നു പ്രാവശ്യമെങ്കിലും ഭൗമിക ആട്ടിൻകൂട്ടത്തെ അക്ഷരികമായി മേയ്ക്കുന്നതിനെ വിവരിക്കുകയാണ്.

അഞ്ചുപ്രാവശ്യം അതു ആത്മാക്കളുടെ ഇടയൻ ആയ യേശുവിനെ സൂചിപ്പിച്ചു പറഞ്ഞിട്ടുണ്ട്, എന്നാൽ ഏഴു പ്രാവശ്യം പ്രാദേശിക സഭകളിലെ നേതാക്കന്മാരായ പുരുഷന്മാരെ അർത്ഥമാക്കിപറയുന്ന സന്ദർഭങ്ങളാണ്. മൂപ്പന്മാരുടെ പ്രവൃത്തികളെ വിവരിച്ചുകൊണ്ട്, ആ വാക്കിന്റെ ക്രിയാരൂപം ഇടവകകളിലെ അദ്ധ്യക്ഷന്മാരെ വാക്ക് മാറ്റി ഉപയോഗിച്ചു പറയുന്നുണ്ട് (പ്രവൃത്തികൾ 20:28). നേതാക്കളെ "മൂപ്പന്മാർ" എന്നു പറയുന്നതു അവരുടെ പ്രായം, അനുഭവം, ആത്മിയ പക്വത എന്നിവ വെച്ചുകൊണ്ടും, ''ഇടയന്മാർ'' അല്ലെങ്കിൽ "മേയ്ക്കുന്നവർ" ആട്ടിൻകൂട്ടത്തെക്കുറിച്ചു കരുതുന്ന അർത്ഥത്തിലും (എഫെസൊസിലെ ക്രിസ്ത്യാനികൾ) ഉപയോഗിച്ചിരിക്കുന്നു. പുറമെ, അവരെ "അദ്ധ്യക്ഷന്മാർ" എന്ന് ആ കൂട്ടത്തിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്ന അർത്ഥത്തിലും വിളിച്ചിരിക്കുന്നു.

അത്തരം തീർച്ചയുള്ള പ്രവൃത്തി, അല്ലെങ്കിൽ ഉദ്യോഗം, ആദ്യ സഭകളിൽ ഉള്ളതായി പൗലൊസ് ഫിലിപ്പിയയിലെ "അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും" എന്നു സംബോധന ചെയ്തതായി കാണാം (ഫിലിപ്പിയർ 1:1). മൂപ്പന്മാരുടെ ക്രമമായ പ്രവൃത്തികൾ ദൈവം സഭയിൽ രൂപപ്പെടുത്തിയിട്ടുണ്ട്, അവരെ വിവരിക്കുന്നതിനു ''മൂപ്പൻ,'' "അദ്ധ്യക്ഷൻ," "ഇടയൻ" എന്നീ വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന ശുശ്രൂഷകന്മാർ എന്നതു പ്രത്യേക ദാസ്യ - വേലകൾ ചെയ്യുന്നവരെ ഫിലിപ്പിയയിലെ സഭയിലെ അദ്ധ്യക്ഷന്മാരോടൊപ്പം പ്രവർത്തിച്ചിരുന്നതായി കാണാം.

**അവരുടെ പങ്ക്**

ഈ മൂപ്പന്മാരുടെ/അദ്ധ്യക്ഷന്മാരുടെ/ ഇടയന്മാരുടെ പ്രവൃത്തികൾ മൂന്നായി തിരിക്കാം. ഒന്ന്, മൂപ്പന്മാർ *നയിക്കേണ്ടവർ* ആയിരുന്നു. അവർ താമസിക്കയും ആരാധിക്കയും ചെയ്തിരുന്ന പ്രാദേശികസഭയെ കരുതുന്ന ഉത്തരവാദിത്വങ്ങൾ ഉൾപ്പെടുന്നു (1 തിമൊഥെയൊസ് 3:5; 5:17). അവ നിയമമായി മാതൃകയും, ഉപദേശവും, കാത്തുകൊള്ളുകയും വേണം (എബ്രായർ 13:7, 17).

രണ്ട്, അവർ *സൂക്ഷിച്ചു*കൊള്ളേണ്ടവരാണ്. ശരിയായി നയിക്കയും, അവരുടെ വ്യക്തിപരമായ ജീവിതങ്ങളെയും പെരുമാറ്റത്തെയും സൂക്ഷിക്കണം (പ്രവൃത്തികൾ 20:28). അവരുടെ വിചാരണയിലുള്ള ആത്മാക്കൾക്കു വേണ്ടി സൂക്ഷിക്കുന്നവരും ആകണം (എബ്രായർ 13:17), അവർ ദൈവവചനത്തെ മുറുകെ പിടിക്കുന്നവരും, സത്യത്തെ എതിർക്കുന്ന ''മറുത്തു പറയുന്ന'' ആളുകളെ പ്രബോധിപ്പിച്ചു ബോധ്യപ്പെടുത്തുവാനും തയ്യാറാകണം (തിത്തൊസ് 1:9).

മൂന്ന്, അവർ *പോറ്റേണ്ട*വരാണ്. കർത്താവു തന്റെ സഭയെ രൂപപ്പെടുത്തിയിരിക്കുന്നത്. യോഗ്യതയുള്ള പുരുഷന്മാർ ആത്മാക്കളെ നിർദ്ദേശിച്ചു കാത്തുകൊള്ളണം (പ്രവൃത്തികൾ 20:28; 1 പത്രൊസ് 5:2). അവർക്കു ക്രിയാത്മകമായി ഉപദേശിപ്പാൻ സാമർത്ഥ്യവും വേ ണം (1 തിമൊഥെയൊസ് 3:2); കൂടെ, നിഷേധാർത്ഥത്തിൽ, ക്രിസ് തുവിന്റെ ഉപദേശം ശരിയായി മനസ്സിലാക്കി ദുരുപദേശത്തെ ചെറു ക്കുവാനുള്ള

പരിജ്ഞാനം വേണം (തിത്തൊസ് 1:9). അവരുടെ വിചാര ണയിലെ സഭാംഗങ്ങളെ ദുരുപദേഷ്ടാക്കൾ വലിച്ചിഴക്കാതെ ധൈര്യ പൂർവ്വം നേരിടാൻ കഴിയുന്നവരും ആകണം (തിത്തൊസ് 1:10, 11).

**ഉപസംഹാരം**

ഒന്നാം – നൂറ്റാണ്ടിലെ ഇടവകകൾ സ്വതന്ത്രമായിരുന്നു: അവരുടെ കാര്യങ്ങളും തീരുമാനങ്ങളും അവർ തന്നെ നടത്തിവന്നു. ഒരിടവക യും മറ്റൊരിടവകയെ നിയന്ത്രിച്ചിരുന്നില്ല, ആ സഭകൾ ഒന്നും രൂപതയായോ, അതിരൂപതയായോ, സംഘടനയായോ, സിനഡ്, ജില്ല എന്നിങ്ങനെയായോ സംഘടിപ്പിച്ചിരുന്നില്ല. അവർക്കു ദേശീയമോ അന്തർദേശിയമോ ആയ ആസ്ഥാനമുണ്ടായിരുന്നില്ല അവർ യേശു ക്രിസ്തുവിനെ സേവിക്കുന്ന വെറും കൂട്ടങ്ങളായി അനേക പ്രദേശ ങ്ങളിൽ നിലകൊണ്ടു. അവരെല്ലാം ഒരേ സുവിശേഷത്തോടു പ്രതികരിച്ചവരായിരുന്നു; ദൈവത്താൽ എല്ലാവരെയും സഭയിൽ ചേർത്തു; അവരെല്ലാം ഒരേരീതിയിൽ ആരാധിക്കയും, ഉപദേശിക്കയും, പ്രവർത്തിക്കയും ചെയ്തിരുന്നു. അവരെല്ലാം ഈ സ്വഭാവം പങ്കിടുവാൻ കാരണം അവരെല്ലാം യേശുക്രിസ്തു എന്ന, ഒരേ "തല" ക്കും, കർത്താവിനും കീഴ്പ്പെട്ടവരാണ് (കൊലൊസ്യർ 1:18). അവൻ എല്ലാ ഇടവകകൾക്കും ഒരേ ഉപദേശങ്ങളും നിർദേശങ്ങളും ആണ് നല്കിയിരുന്നത്. പ്രാദേശിക സഭകൾ പല സന്ദർഭങ്ങളിലും അന്യോന്യം സഹകരിക്കയും സഹായിക്കുകയും ചെയ്തിരുന്നുവെങ്കി ലും അവർ സ്വയംഭരണമാണ് നടത്തിയിരുന്നത്.

ഓരോ സഭയെയും *ബഹുവചന* പുരുഷന്മാരായിരുന്നു നയിച്ചിരുന്നത്, ആത്മിയ യോഗ്യതകൾ ഉണ്ടാക്കുന്നവരെ അംഗങ്ങൾ കൂടി അവരെ തിരഞ്ഞെടുത്തു. ഈ പുരുഷന്മാരെയും അവർക്കു ഇടവകയോടുള്ള ബന്ധത്തെയും സൂചിപ്പിക്കുമ്പോൾ എല്ലായ്പ്പോഴും ഒരുകൂട്ടം ആളുകളെയാണ് പറയുന്നത്. ഒരു ഇടവകയിൽ ഒരു മൂപ്പൻ, ഒരു കൂട്ടം ഇടവകകൾക്ക് ഒരു മൂപ്പൻ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകമായോ, മുഖ്യമായോ നയിക്കുന്ന മൂപ്പനെപ്പറ്റി പുതിയനിയമം പറയുന്നില്ല. നേതൃത്വത്തിൽ വരുന്ന ഓരോ പുരുഷനും തുല്യ ഉത്തരവാദിത്വവും അധികാരവുമാണുള്ളത്.

മൂപ്പന്മാർ സേവിക്കുന്ന സഭയിലെ ക്രിസ്ത്യാനികളുടെ പ്രവർത്തന ങ്ങൾക്കു നിർദ്ദേശം കൊടുക്കേണ്ടതു മൂപ്പന്മാരാണ്. അവർ മറ്റു ഇടവകകളിലെ മൂപ്പന്മാരുടെ മേൽ ഒരധികാരവും നടത്തിയിരുന്നില്ല. മൂപ്പന്മാരോടുള്ള ബഹുമാനം നിമിത്തം മറ്റു ഇടവകകളിലുള്ളവർ ഉപദേശം തേടിയേക്കാം, പക്ഷെ ദൈവം മൂപ്പന്മാർക്കു പ്രാദേശിക സഭക്കു പുറത്തു ഒരധികാരവും ഏർപ്പെടുത്തിയിട്ടില്ല.

മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലുള്ള യെഹൂദന്മാർ ചെയ്തിരുന്നതുപോലെ സഭാദ്ധ്യക്ഷന്മാർ അധികമായ നിയമാവലി കളോ പാരമ്പര്യമോ എഴുതിയുണ്ടാക്കിയില്ല, പ്രത്യേകിച്ചു നിയമങ്ങൾ ക്ക് – ഇടയിൽ ഉള്ള കാലയളവിൽ. യിസ്രായേലിനു ദൈവം കൊടുത്ത ന്യായപ്രമാണത്തോടൊപ്പം പുരാതന യെഹൂദന്മാരുടെ പാരമ്പര്യങ്ങൾ

ഉൾപ്പെടുത്തി – "മിഷനാ" എന്നും "ജെമേറ" എന്നും രണ്ടു ഭാഗങ്ങൾ ഉള്ള തൽമൂദ് – എന്നത് അവർ എഴുതിച്ചേർത്തതാണ്. എങ്ങനെയായാലും, പല അവസരങ്ങളിലും ഈ പാരമ്പര്യങ്ങളെ, കർത്താവ് അവരെ ശാസിച്ചിട്ടുണ്ട് (മർക്കൊസ് 7:6–9). സഭാദ്ധ്യക്ഷന്മാർക്കു പുതിയ നിയമങ്ങളോ ഉപദേശങ്ങളോ ഉണ്ടാക്കുവാനോ സാമൂഹ്യവ്യവസ്ഥകൾ മാറുന്നതനുസരിച്ചു നയങ്ങളിൽ മാറ്റം വരുത്തുവാനോ അധികാരപ്പെടുത്തിയിരുന്നില്ല അവരുടെ ബന്ധം. കർത്താവിന്റെ വചനത്തോടു മാത്രം ആയിരുന്നു. ഇന്നു ക്രിസ്ത്യാനികൾ പുതിയ നിയമത്തോടു വിശ്വസ്തത പുലർത്തുന്നുവെങ്കിൽ അതേ ബന്ധമാണ് പരിശീലിക്കേണ്ടത്.

സഭയിലെ അംഗങ്ങൾ എല്ലാം ഈ മൂപ്പന്മാരുടെ നേതൃത്വത്തെ ബഹുമാനിച്ചു, അവരുടെ അഭിപ്രായങ്ങൾ മാനിച്ചു സന്തോഷത്തോടെ കീഴ്പ്പെട്ട് അവരെ അനുസരിച്ചുവന്നു. ആ ബഹുമാനത്തിനു അവരെ യോഗ്യരാക്കിയത് അവരുടെ ദൈവഭക്തസ്വഭാവവും മാതൃകാ ജീവിതവുമായിരുന്നു (1 പത്രൊസ് 5:2, 3). കൂടാതെ, ഇവർ സഭയിലെ സാധാരണ അംഗങ്ങളെപോലെ, മറ്റു മൂപ്പന്മാർക്കു അന്യോന്യം കീഴ്പ്പെട്ടിരുന്നു (എഫെസ്യർ 5:21). വ്യത്യസ്ത അഭിപ്രായങ്ങൾ അവർക്കിടയിൽ ഉണ്ടായാൽ, അവർ ആത്മാവിന്റെ ഐക്യതയും സമാധാന ബന്ധവും സൂക്ഷിച്ചിരുന്നു (എഫെസ്യർ 4:3), സ്വാർത്ഥതയാലോ, ദുരഭിമാനത്താലോ അവർ ഒന്നും ചെയ്തിരുന്നില്ല. ഓരോരുത്തരും "മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠർ എന്നു എണ്ണിയിരുന്നു," അതായതു, മറ്റു മൂപ്പന്മാരുടെ അഭിപ്രായങ്ങളെയും തീരുമാനങ്ങളും ഓരോരുത്തരും ബഹുമാനിച്ചിരുന്നു (ഫിലിപ്പിയർ 2:3).

മറ്റൊരു തരം നേതൃത്വവും കർത്താവിന്റെ സഭയിൽ അറിയപ്പെട്ടിരുന്നില്ല. അപ്പൊസ്തലന്മാരുടെ പിന്തുടർച്ചയായി, പോപ്പുമാരെന്നോ, കർദിനാൾമാർ എന്നോ, ജില്ലാ ബിഷപ്പുമാർ, "അദ്ധ്യക്ഷ വഹിക്കേണ്ട, ബിഷപ്പുമാർ എന്നോ,'' ഒന്നും ദൈവം സ്ഥാപിച്ചിട്ടില്ല. ഇന്നു നാമധേയവിഭാഗങ്ങളിൽ പൊതുവായി കാണപ്പെടുന്ന മറ്റൊരു ഉദ്യോഗങ്ങളും ദൈവം സ്ഥാപിച്ചിട്ടില്ല. കർത്താവു സഭയിലെ അംഗങ്ങളെ നയിക്കുവാൻ "മുഖ്യ ഇടയനു" വേണ്ടി യോഗ്യതയുള്ള പുരുഷന്മാരെയാണ് ആത്മിയ ഭരണകൂടത്തിനു കർത്താവു വിഭാവനം ചെയ്തിട്ടുള്ളത് ആ ഭക്തി പ്രവൃത്തിക്ക് അവർക്ക് പ്രതിഫലമായി മഹത്വത്തിന്റെ കിരീടവും നല്കും (1 പത്രൊസ് 5:4).

ദൈവത്തിന്റെ ഭരണകൂടം പ്രാവർത്തികമാണ്; അതിനു വേറെ ഒരു ഘടന ആവശ്യമില്ല. ദൈവം തന്റെ സഭയിൽ ഭരണം നടത്തുന്നതിനെ പ്രവൃത്തികളുടെ പുസ്തകം രേഖപ്പെടുത്തുന്നു.

---

കുറിപ്പുകൾ

[1]ഒരു ഉദാഹരണം നിനെവെയാണ്, ജാതികളുടെ ദേശമായിരുന്ന, അശ്ശൂര്യയുടെ തലസ്ഥാനം. യിസ്രായേലിന്റെ പ്രവാചകൻ ആയിരുന്ന,

യോനയെ, നിനെവെ യിലുള്ളവർ മാനസ്സാന്തരപ്പെടുന്നതിനു വേണ്ടി അവിടേക്ക് അയച്ചു (യോനാ 1:1, 2; 3:1–4). യോന അവരോട് മോശെയുടെ ന്യായപ്രമാണം അനുസരിക്കുവാൻ പ്രസംഗിച്ചില്ല, കാരണം അതു അവരെ ബാധിച്ചിരുന്നില്ല. ദൈവം ജാതികൾക്കു അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുവാനുള്ള അവസരം കൊടുക്കുന്നു, കാരണം പാപം നിയമലംഘനമാണ് (റോമർ 4:15; 5:13; 1 യോഹന്നാൻ 3:4), അതുകൊണ്ട് അവർ ദൈവത്തിന്റെ ഒരുതരം നിയമത്തിൻ കീഴിലായിരുന്നു. [2]പൂർണ്ണവിവരങ്ങൾക്കു കഴിഞ്ഞ പാഠം നോക്കുക. [3]*പ്രെസ്ബുറ്റെറോസ്* എന്നതിന്റെ വകഭേദം തിത്തൊസ് 1:5–ൽ ഉപയോഗിച്ചിരിക്കുന്നതു, തർജ്ജിമ ചെയ്തിരിക്കുന്നത് കെജെവിയിലും, എൻ ഐ വിയിലും, എൻ എ എസ് ബിയിലും ‘‘മൂപ്പൻ’’ എന്നാണ്. തിത്തൊസ് 1:7–ൽ ഉപയോഗിച്ചിരിക്കുന്നത് *എപ്പിസ്ക്കോപോസ്* ആണ്, കെജെവിയിൽ തർജ്ജിമ ചെയ്തിരിക്കുന്നതു “അദ്ധ്യക്ഷൻ” എൻഐവിയിലും എൻ ഏ എസ് ബിയിലും “മേൽവിചാരകൻ” എന്നാണ്.

© 2009 Truth for Today